കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂൺ 30, തിങ്കൾ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1986 ജൂൺ 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മൽസ്യത്തൊഴിലാളികൾക്ക് നടപ്പാക്കിയ പദ്ധതികൾ

* 111 [113] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, പി. പി. തങ്കച്ചൻ:
,, എ. സി. ജോസ്:
,, ടി. എച്ച്. മുസ്തഫ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം;

(ബി) മൽസ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) അവ എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ,

(എ) മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ പുരോഗതിക്ക് സഹകരണാടിസ്ഥാനത്തിൽ അവരെ സംഘടിപ്പിച്ച് ഗ്രാമതലത്തിൽ ക്ഷേമസംഘങ്ങളും ജില്ലാതലത്തിൽ ജില്ലാ കോ-ഓപ്പറേറീവുകളും സംസ്ഥാനതലത്തിൽ മത്സ്യഫെഡും രൂപീകരിച്ചതും, എൻ. സി. ഡി. സി. യുടെ സാങ്കേതിക-സാമ്പത്തികസഹായത്തോടെ സംയോജിത മത്സ്യ വികസന പദ്ധതി, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഔട്ട്ബോർഡ് മോട്ടോറുകളുടെ വിതരണം, മത്സ്യത്തൊഴിലാളികളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുതകുന്ന ആധുനികവിപണന സമ്പ്രദായം, വ്യാസാ സ്റ്റോറുകൾ, സർവ്വീസ് സ്റ്റേഷനുകൾ, സഞ്ചരിക്കുന്ന വില്പനശാലകൾ, വല നിർമ്മാണശാലകൾ, ചെമ്മീൻ പീലിംഗ് കേന്ദ്രങ്ങൾ, ഭവനനിർമ്മാണ പദ്ധതി, മത്സ്യബന്ധന വേളയിൽ അപകടം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് വർദ്ധിപ്പിച്ചതോതിൽ പതിനയ്യായിരം രൂപവരെയുള്ള സംഖ്യ ദുരിതാശ്വാസം നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി ലംപ്സം ഗ്രാൻറ്, ഉച്ചഭക്ഷണം എന്നിവ നൽകുക, കുറഞ്ഞ പലിശയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൗകര്യപ്രദമായരീതിയിലുള്ള ലാൻറിംഗ് സെൻറുകളുടെ നിർമ്മാണം, വനിതാ സ്പെഷ്യൽ ബസ് സർവ്വീസുകൾ, ദേശീയ മത്സ്യക്കുഞ്ഞുൽപ്പാദന ഫാമുകളുടെ നിർമ്മാണം, ഓരുജല മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, മണ്ണെണ്ണ വിതരണം, വിദ്യാകേന്ദ്രങ്ങൾ തുടങ്ങിയവയാണ് മത്സ്യത്തൊഴിലാളികൾക്കായി ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.

ഇവ കൂടാതെ വെള്ളപ്പൊക്ക ദുരിതാശ്വാസനിധി ഉപയോഗിച്ച്, നാശനഷ്ടമോ കേടുപാടുകളോ സംഭവിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് പകരം ഉപകരണങ്ങളുടെ വിതരണമോ അറകുറ്റപ്പണിയോ നടത്തുക, സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഓട്ടോറിക്ഷകൾ വിതരണം ചെയ്യുക. മത്സ്യവികസന രംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക, പരിസര ശുചീകരണം, ആരോഗ്യ സംരക്ഷണം എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവാൻമാരാക്കുക, തുടങ്ങിയവയ്ക്ക് ആവശ്യമായ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

എല്ലാറ്റിനുമുപരി മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി സമഗ്രമായ ഒരു മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമം ആവിഷ്ക്കരിച്ചതും നടപ്പിലാക്കിയതും ഈ ഗവൺമെൻറാണ്.

(ബി) അറുപതു വയസ്സ് തികഞ്ഞ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല സഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഇതിൻെറ വിശദാംശങ്ങൾക്ക് അവസാനരൂപം നൽകിയിട്ടില്ല.

(സി) കൃത്യമായ തീയതി നിശ്ചയിച്ചിട്ടില്ല.

ശ്രീ. പി. പി. തങ്കച്ചൻ: എൻ. സി. ഡി. സി. യുടെ സംയോജിത മത്സ്യവികസന പദ്ധതിപോലെയുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ മറ്റ് ഏതെങ്കിലും പേരിൽ നടപ്പിലാക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: കഴിഞ്ഞ വർഷമുണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും മറ്റ് ജീവനോപകരണങ്ങളും നൽകുന്നതിന് 4.27 കോടിരൂപ മത്സ്യ മേഖലക്കുവേണ്ടി അനുവദിക്കുകയുണ്ടായി. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുകയും 54 മത്സ്യ ഗ്രാമങ്ങളിൽ സംയോജിത മത്സ്യ വികസന പദ്ധതിയുടെ മാതൃകയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ: പുതിയ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ആഴക്കടൽ മത്സ്യബന്ധനത്തിനുവേണ്ടി മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും പരിശീലനം കൊടുക്കാനും പരിശീലന കേന്ദ്രങ്ങൾ തുറക്കാനും ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: മത്സ്യത്തൊഴിലാളികൾ പൊരുപ്പത്തിലേ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരായതുകൊണ്ട് അവർക്ക് പ്രത്യേക പരിശീലനമാവശ്യമില്ല.

ശ്രീ. എ സി. ജോസ്: മത്സ്യത്തൊഴിലാളികൾ ജോലിയിലേർപ്പെട്ടിരിക്കുമ്പോൾ അപകടമരണമുണ്ടായാൽ അവരുടെ കുടുംബങ്ങൾക്ക് സഹായധനം എത്തിക്കുന്ന പരിപാടി ഏർപ്പെടുത്തിയിട്ടുണ്ട്. ആ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; അത് കൂട്ടുന്നതിന് വല്ല നിർദ്ദേശങ്ങളോ നിവേദനങ്ങളോ ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഗണിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: മരിച്ചുപോയ തൊഴിലാളികളുടെ കുടുംബങ്ങൾക്ക്, അവകാശികൾക്ക് നൽകിവന്നിരുന്നത് 10,000 രൂപയായിരുന്നു. അത്, ഈ കഴിഞ്ഞ മേയ് മാസം മുതൽ 15,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വീണ്ടും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് തൽക്കാലം ആലോചനയില്ല. സ്ഥിരമായി അംഗവൈകല്യം സംഭവിച്ചവർക്ക് 5,000 രൂപമുതൽ 10,000 രൂപവരെയും താൽക്കാലിക അംഗവൈകല്യം സംഭവിച്ചവർക്ക് 250 രൂപയും ഈ പദ്ധതിയനുസരിച്ച് ലഭിക്കുന്നുണ്ട്. അങ്ങനെ 556 കുടുംബങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് പ്രയോജനം ലഭിച്ചിട്ടുണ്ട്. നൽകിയ തുക 25 ലക്ഷം രൂപയാണ്.

ശ്രീ. എ. സി. ജോസ്: മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന ആനുകൂല്യം കടലിൽ പോകുന്നവർക്കു മാത്രമായിട്ട് ചുരുങ്ങുകയാണ്. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം പിടിക്കാൻ പോകുമ്പോഴുണ്ടാകുന്ന അപകടങ്ങൾ സംഭവിക്കുന്നവർക്കും ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലമില്ല. അതേപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ: മത്സ്യത്തൊഴിലാളികൾക്ക് നിരവധി ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി എന്തെങ്കിലും പ്രത്യേകതരത്തിലുള്ള ആനുകൂല്യങ്ങളോ സൗകര്യങ്ങളോ ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വളരെ പരിമിതമായ തോതിൽ സ്കോളർഷിപ്പുകളും ഫീസ് സൗജന്യങ്ങളും മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളൂ. 1984–85 മുതൽ പട്ടിക ജാതി–പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ തോതിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും ലംപ്സം ഗ്രാന്റും എല്ലാ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും നൽകുന്നതാണ്. അങ്ങനെ 1984–85-ൽ 65,977 കുട്ടികൾക്ക് ലംപ്സംഗ്രാന്റായി 43 ലക്ഷം രൂപ നൽകി. 1985–86-ൽ 1,28,657 കുട്ടികൾക്കായി 70 ലക്ഷം രൂപ വിതരണം ചെയ്തു. ഈ വർഷം 110 ലക്ഷം രൂപ നൽകാൻ നടപടി എടുത്തുവരുന്നു.

ശ്രീ. ജി. കാർത്തികേയൻ: മത്സ്യത്തൊളിലാളികൾ എന്ന് ഗവൺമെൻറ് വിവക്ഷിക്കുന്ന പട്ടികയിൽ കടലിലോ അല്ലെങ്കിൽ കായലിലോ പോയി മത്സ്യബന്ധനം നടത്തുന്നവർ മാത്രമേ ഉൾപ്പെടുന്നുള്ളൂ. തലച്ചുമടായും സൈക്കിളുകൾ വഴിയും കൊണ്ടുനടന്ന് വിൽക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളെകൂടി മത്സ്യത്തൊഴിലാളികളുടെ പട്ടികയിൽ ഗവൺമെൻറ് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതുവരെ പെടുത്തിയിട്ടില്ല. കടലിൽ പോകുന്നവരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. അതേപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: കടലാസിൽ എഴുതിവെച്ചിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെ ലിസ്റ്റാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചത്. 1985–86 സാമ്പത്തിക വർഷത്തിൽ ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും ഡി. എ. യും കഴിഞ്ഞാൽ ഈ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. വി. ദിനകരൻ: മത്സ്യത്തൊഴിലാളികൾക്ക് വളരെയേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവൺമെൻറാണ് ഈ സംസ്ഥാനം ഭരിക്കുന്നതെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണവിതരണം നടത്തുവാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ചാകരസമയമാണ്. 600 ലിറ്റർ മണ്ണെണ്ണക്ക് പെർമിറ്റുണ്ടെങ്കിലും 200 ലിറ്റർ വീതമാണ് ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ അപര്യാപ്തത പരിഗണിച്ചും ഇപ്പോൾ സീസൺ ആണെന്നകാര്യം പരിഗണിച്ചുകൊണ്ടും പെർമിറ്റനുസരിച്ച് പൂർണ്ണമായും ഔട്ട്ബോർഡ് എഞ്ചിന് മണ്ണെണ്ണ കൊടുക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കുറെ കടലാസ് പദ്ധതികളെപ്പറ്റി പറഞ്ഞു. അതിൽ, കുറെ മൽസ്യത്തൊഴിലാളികളെ, ഭരണകക്ഷിയിൽപ്പെട്ട കുറെ ആളുകളെ കമ്മിറ്റിയിൽ തിരുകിക്കയറ്റി എന്നല്ലാതെ മൽസ്യത്തൊഴിലാളികൾക്ക് ഒന്നും കിട്ടി

LIBRARY ARCHIVES Kerala Legislative Assembly

യില്ല. നാലഞ്ചുമാസക്കാലമായി മൽസ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. കടലാക്രമണത്തിന്റെ ഫലമായി നൂറുകണക്കിന് ആളുകൾ മാറിത്താമസിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി മാണി ഇവിടെ പറഞ്ഞു അവർക്കെല്ലാ സഹായങ്ങളും നൽകാൻ തീരുമാനിച്ചിരിക്കുന്നുവെന്ന്. ഞാൻ എന്റെ നിയോജകമണ്ഡലത്തിൽപ്പോയി വന്ന ആളാണ്. അവർക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻപോലും കിട്ടിയിട്ടില്ല. അതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെ ഇപ്പോൾ ഒരു വ്യവസ്ഥയില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: ഈ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുറെ കാര്യങ്ങൾ മന്ത്രി ഇവിടെ പറഞ്ഞു. മൽസ്യബന്ധനത്തിലും മൽസ്യവിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന നമ്മുടെ തൊഴിലാളികൾ എത്രയാണെന്ന് പ്രത്യേകം കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ശതമാനത്തിനാണ് ഈ ക്ഷേമ പ്രവർത്തനങ്ങൾകൊണ്ട് ഗുണമുണ്ടാകുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: ഏകദേശം ഒരു ലക്ഷത്തി എൺപതിനായിരം മൽസ്യത്തൊഴിലാളികൾ എന്നാണ് എന്റെ അറിവ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കടൽ ക്ഷോഭത്തിന് വിധേയമായതിനെത്തുടർന്ന് ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലൊക്കെ സൗജന്യറേഷൻ കൊടുക്കാൻ അടിയന്തിരമായ നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ആഴ്ചയിൽ പ്രസ്താവിച്ചത് ഞാൻ ഫിഷറീസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ കടൽക്ഷോഭംമൂലം കടലിൽപോയി ജോലി എടുക്കാൻ കഴിയാതാകുകയും പട്ടിണി കിടക്കുകയും ചെയ്യേണ്ടി വരുന്നത് മൽസ്യത്തൊഴിലാളികളാണ് എന്നുള്ളതുകൊണ്ട് ഈ കടൽക്ഷോഭംമൂലം കെടുതി അനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് അടിയന്തിരമായി സൗജന്യ റേഷൻ നൽകുന്നതിനുള്ള നിർദ്ദേശം കൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കടലാക്രമണം ഉണ്ടായതിനെതുടർന്ന് മാറിത്താമസിക്കേണ്ടിവന്ന മൽസ്യത്തൊഴിലാളികൾക്ക് റേഷൻ കൊടുക്കുന്നുണ്ട്. തൊഴിലെടുക്കാൻ കഴിയാത്ത എല്ലാ ആളുകൾക്കും റേഷൻ കൊടുക്കുന്ന കാര്യം വളരെ പ്രയാസമാണ്. എങ്കിലും കടലോരത്തെ പ്രത്യേക സാഹചര്യത്തെക്കുറിച്ച് ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കെ. മൂസ്സക്കുട്ടി: കടൽക്ഷോഭത്തിന്റെ ഫലമായി കടലിൽ മൽസ്യബന്ധനത്തിന് പോയ തൊഴിലാളികളുടെ വലയും വള്ളവുമെല്ലാം പൂർണ്ണമായി നശിച്ചുപോയിട്ടുണ്ട്. ബാങ്കുകളിൽനിന്ന് ലോൺ എടുത്ത് വാങ്ങിയിട്ടുള്ള ഇവയെല്ലാം പൂർണ്ണമായി നശിച്ചുപോയ ആളുകൾക്ക് അതിനുപകരം പൂർണ്ണമായി അത് കൊടുക്കാനും അവരുടെ ലോണുകളും കടങ്ങളുമെല്ലാം റദ്ദ് ചെയ്യുകയോ, മരവിപ്പിക്കുകയോ ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കാനുള്ള പദ്ധതികളില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കാലവർഷം വന്നാൽ കടലിൽ പോകാൻ കഴിയാതിരിക്കുന്ന തൊഴിലില്ലാതിരിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് രണ്ടാഴ്ചവരെയുള്ള സൗജന്യറേഷൻ ഈ സംസ്ഥാനത്ത് കൊടുത്തുവരാറുണ്ട്. ഈ വർഷം അത് കൊടുക്കില്ല എന്നാണോ ഗവൺമെന്റിന്റെ നിലപാട്?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: അതല്ല ചോദിച്ചത്. പതിവായി കൊടുക്കാറുള്ള സൗജന്യ റേഷൻ ഈ വർഷം കൊടുക്കുമോ; അതോ കൊടുക്കില്ലെന്നതാണോ ഗവൺമെന്റിന്റെ നിലപാട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അങ്ങനെ എല്ലാവർക്കും രണ്ടാഴ്ച സൗജന്യ റേഷൻ കൊടുക്കുക എന്ന സമ്പ്രദായമില്ല.

ശ്രീമതി കെ. ആർ. ഗൗരി: കടൽക്ഷോഭംമൂലം മാറിത്താമസിപ്പിക്കുന്ന ആളുകൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നു. പക്ഷേ കടൽക്ഷോഭം കൊണ്ട് വീടുവിട്ട് പുറത്തുപോകുന്ന ആളുകളുടെ വീട് കടലെടുത്തു പോകുകയും വീട്ടിൽ ഉള്ള സാധനങ്ങൾ അനാഥമായി തീരുകയും ചെയ്യുന്നുണ്ട്. വള്ളിത്തോട് പ്രദേശത്ത് വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ ഏതാണ്ട് രണ്ടായിരം പേർ വീടുവിട്ട് പോയി. 10—40 വീട് പോയി. അതുപോലെതന്നെ വീടിന്റെ അറ്റം വരെ കടൽ കയറി കഴിഞ്ഞതിനുശേഷം കടൽ തടുക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലിരിക്കുന്ന തൊഴിലാളികൾക്ക് ജോലിക്കു പോകാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള മൽസ്യത്തൊഴിലാളികൾക്ക് റേഷൻ കൊടുക്കുന്നതിനുള്ള നടപടി എടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇങ്ങനെയുള്ള ഹാർഡ് കേസസ് പരിശോധിക്കാം.

ശ്രീ. ടി. വി. വിജയരാജൻ: മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യത്തോടുകൂടി താമസിച്ച് പഠിക്കുന്നതിന് ഇപ്പോൾ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ നിലവിലുണ്ട്. ആ സ്കൂൾ അപര്യാപ്തമായതിനാൽ കൂടുതൽ സ്കൂളുകൾ തുടങ്ങാനും ഉള്ള സ്കൂളുകളിൽ ഹോസ്റ്റൽ സൗകര്യവും സ്കൂൾ കെട്ടിടവും ഉണ്ടാക്കാനുമുള്ള നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിക്കാം.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

*112 [114] ശ്രീ. പി. വിജയദാസ്:
,, ആർ. എസ്. ഉണ്ണി:
,, കെ. കെ. ബാലകൃഷ്ണൻ:
,, കെ. കൃഷ്ണൻകുട്ടി:
ശ്രീമതി റേച്ചൽ സണ്ണി പനവേലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് സിലെ നിയമനം പി. എസ്. സി. ക്ക് വിടാൻ ഇനി ബാക്കിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly